## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 4972**     **27.06.2019-ലെ മറുപടിയ്ക്ക്**

## വാർഷിക പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് നടപടി

**ചോദ്യം**     **മറുപടി**

**ശ്രീ.എ.പി.അനിൽ കുമാർ**     **പിണറായി വിജയൻ (മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഏറ്റെടുക്കുന്ന പദ്ധതികൾ സമൂഹത്തിന് ഏറ്റവും പ്രയോജനകരമായും വേഗത്തിലും നടപ്പിലാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങളിലൂടെ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പദ്ധതി ചെലവിന്റെ പുരോഗതി വിലയിരുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചീഫ് സെക്രട്ടറിയും എല്ലാ വകുപ്പ് സെക്രട്ടറിമാരും ഉൾപ്പെടുന്ന പദ്ധതി ചെലവ് അവലോകന കമ്മിറ്റി യോഗം എല്ലാ ത്രൈമാസങ്ങളിലും കൂടാറുണ്ട്. കൂടാതെ ഏറ്റെടുക്കുന്ന പദ്ധതികൾ സമൂഹത്തിന് ഏറ്റവും പ്രയോജനകരമായും വേഗത്തിലും നടപ്പിലാക്കുന്നതിനുതകുന്നവിധം Chief Minister's Web Portal for Project Monitoring എന്ന Web Portal-ലൂടെ ഒരു പദ്ധതി നിരീക്ഷണ സംവിധാനം നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്. 2019-20 വാർഷിക പദ്ധതിയുടെ 31.56 ശതമാനവും സാമൂഹ്യവും സാമൂഹ്യസേവനപരവുമായ പദ്ധതികൾക്കായി നീക്കി വച്ചിരിക്കുന്നു. |
| (ബി) | തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം കാരണം സംസ്ഥാനത്തെ പദ്ധതികൾ മന്ദഗതിയിലായ സാഹചര്യമുണ്ടായിട്ടുണ്ടോ; | (ബി) | തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം കാരണം പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഉണ്ടെങ്കിൽ അത് മറികടക്കുന്നതിന് പെരുമാറ്റച്ചട്ടം അവസാനിക്കുന്ന വേളയിൽ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (സി) | തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം അവസാനിച്ചതിനു ശേഷം വിവിധ വകുപ്പുകളുടെ വർക്കിംഗ് ഗ്രൂപ്പുകൾ ചേരുകയും പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | 2019-20 ലെ പദ്ധതികളുടെ ഭരണാനുമതി എന്നത്തേക്ക് നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ഡി) | 2019-20 സാമ്പത്തികവർഷത്തെ സംസ്ഥാന പദ്ധതിയുടെ അടങ്കൽ 30610 കോടി രൂപയാണ്. ഇതിൽ 2733.32 കോടി രൂപയുടെ പദ്ധതികൾ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് പുതിയതായി ഭരണാനുമതി ആവശ്യമില്ല. ഏപ്രിൽ മെയ് മാസങ്ങളിൽ തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിന്നിരുന്നുവെങ്കിലും 5757.28 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനോടകം ഭരണാനുമതി നൽകുകയുണ്ടായി. ബാക്കി തുകയ്ക്കുള്ള ഭരണാനുമതി സമയബന്ധിതമായി നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | വാർഷിക പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | (ഇ) | മുൻഗണന ആവശ്യമുള്ളതും നടപടിക്രമങ്ങൾ പൂർത്തിയാക്കി നടപ്പാക്കാൻ തയ്യാറായതുമായ പദ്ധതികൾ ഗ്രീൻ ബുക്കിൽ പ്രതിപാദിക്കുന്ന രീതി 2016-17 വർഷം മുതൽ നടപ്പാക്കി വരുന്നു. ഗ്രീൻ ബുക്കിൽ ഉൾപ്പെട്ട മുൻഗണനാ പദ്ധതികൾ സാമ്പത്തികവർഷാരംഭം മുതൽ തന്നെ നടപ്പാക്കുന്നതിന് വകുപ്പുകൾക്ക് അവസരം ലഭിക്കുന്നു. പുതിയതായി ഭരണാനുമതി ആവശ്യമുള്ള പദ്ധതികൾക്ക് വിവിധ വകുപ്പുകളുടെ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേരുകയും ഭരണാനുമതി നൽകുകയും ചെയ്യുന്നു. കൂടാതെ ഓരോ പദ്ധതിയും നടപ്പാക്കുന്നതിനാവശ്യമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സമയക്രമം രേഖപ്പെടുത്തി ഒരു പദ്ധതി നിർവ്വഹണ കലണ്ടർ ഓരോ വകുപ്പും തയ്യാറാക്കി അതനുസരിച്ച് നിർവ്വഹണം നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |

Divya

**സെക്ഷൻ ഓഫീസർ**